**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 675** **24-06-2026-ൽ മറുപടിയ്ക്ക്**

**ഐശ്വര്യ ഗ്രാമം പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. റഹ്മത്തുള്ള

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** ഐശ്വര്യ ഗ്രാമം പദ്ധതിയെകുറിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കാമോ; പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കുന്നത്; വിശദമാക്കാമോ;

**മറുപടി:** 2025-26 സാമ്പത്തിക വർഷത്തിൽ നഗറുകളെയും നഗറുകൾക്ക് പുറത്ത് ചിതറിക്കിടക്കുന്ന കുടുംബങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങളിലെ നിർണ്ണായക വിടവുകൾ പരിഹരിക്കുന്നതിനുള്ള പദ്ധതിയാണ് ഐശ്വര്യഗ്രാമം പദ്ധതി. 15 ൽ താഴെ കുടുംബങ്ങൾ ഒരിടത്ത് അധിവസിക്കുന്നതും എന്നാൽ 5 കുടുംബങ്ങളെങ്കിലും ഉള്ളതുമായ പ്രദേശത്തിന്റെ സമഗ്ര വികസനമാണ് ടി പദ്ധതി ലക്ഷ്യമാക്കുന്നത്.

1. സുരക്ഷിതമായ കുടിവെള്ളം
2. വൈദ്യുതി
3. മാലിന്യ നിർമ്മാർജനം
4. റോഡ് കണക്ടിവിറ്റി
5. ശുചിത്വ സൗകര്യങ്ങൾ
6. ഇന്റർനെറ്റ് കണക്ടിവിറ്റി
7. നഗറുകളിലെ പഴക്കമുള്ള വീടുകളുടെ അടിയന്തര അറ്റകുറ്റപ്പണി/അടുക്കള നവീകരണം (സേഫ് പദ്ധതി മാർഗ്ഗരേഖ പ്രകാരം)
8. വീടുകളുടെ/നഗറുകളുടെ സംരക്ഷണഭിത്തി (അപകടാവസ്ഥയിലുള്ള സ്ഥിതിയിൽ മാത്രം)
9. നഗറുകൾക്കുള്ളിലെ പരമ്പരാഗത ആരാധനാ ഇടങ്ങളുടെ പുനരുദ്ധാരണം.

എന്നീ പ്രവൃത്തികൾ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

**(ബി)** പദ്ധതിയിൽ മുൻഗണന നൽകി നടപ്പാക്കുന്നത് ഏതെല്ലാമെന്നും ഓരോന്നിനും അനുവദിക്കുന്ന തുകയും വിശദമാക്കാമോ;

**മറുപടി:** ഒരു ഗ്രാമത്തിന് പരമാവധി 25 ലക്ഷം രൂപ അനുവദിക്കാവുന്നതാണ്. സർക്കാർ ഉത്തരവ് പ്രകാരം കുടിവെള്ളം, വൈദ്യുതി, ശുചിമുറി, ഡ്രൈനേജ് സംവിധാനം, പൊതു ഗതാഗത സംവിധാനം എന്ന ക്രമത്തിൽ അടിസ്ഥാന സൗകര്യങ്ങളിൽ മുൻഗണന നൽകി നടപ്പാക്കുന്നതാണ്.

**(സി)** മഞ്ചേരി മണ്ഡലത്തിൽ ഐശ്വര്യ ഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ പുരോഗതികൾ വിശദമാക്കാമോ?

**<u>മറുപടി:</u>** മഞ്ചേരി മണ്ഡലത്തിൽ 2025-26 വർഷത്തെ ഐശ്വര്യഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് 2 നഗറുകളെ തെരഞ്ഞെടുത്തിട്ടുണ്ട്.

1. പറയര് കുന്ന് (എടപ്പറ്റ G P)
2. കുട്ടമൂച്ചിപ്പറമ്പ് (മഞ്ചേരി മുനിസിപ്പാലിറ്റി)

ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**